# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 621 **30.06.2016 - ൽ** മറുപടിക്ക്

**പോത്തുണ്ടി കുടിവെള്ള പദ്ധതി**

| ചോദ്യം<br>ശ്രീ.കെ. ബാബു | | മറുപടി<br>ശ്രീ. മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പോത്തുണ്ടി കുടിവെള്ള പദ്ധതിയുടെ വിപുലീകരണ പ്രവൃത്തികൾ ഏത് ഘട്ടം വരെയായി എന്ന് അറിയിക്കാമോ; | (എ) | ജലശുദ്ധീകരണശാല യുടെ 68% പണി പൂർത്തീകരിച്ചിട്ടുണ്ട്. പമ്പിംഗ് മെയിൻ 4000 മീറ്റർ സ്ഥാപിക്കേണ്ടതിൽ 2800 മീറ്റർ നീളത്തിൽ സ്ഥാപിച്ചു കഴിഞ്ഞു. അനുകൂലകാലാവസ്ഥയിൽ മാത്രമേ പോത്തുണ്ടി ഡാം മുതൽ ശുദ്ധീകരണശാല വരെയുള്ള പൈപ്പ് ലൈൻ സ്ഥാപിക്കാൻ കഴിയുകയുള്ളൂ. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയ 1100 ലക്ഷം രൂപയുടെ ബാക്കി തുക കൊണ്ട് 2800 മീറ്റർ നീളത്തിൽ ചെമ്മണം തോട് മുതൽ നെന്മാറ ഉന്നതതല ജലസംഭരണി വരെ 350 എം.എം.ഡി.ഐ. പൈപ്പ് സ്ഥാപിക്കാനുള്ള പ്രവൃത്തി 100 മീറ്റർ നീളം ഒഴികെ ബാക്കി പൈപ്പുകൾ സ്ഥാപിച്ചു കഴിഞ്ഞു.പി.ഡബ്ല്യൂ.ഡി. റോഡിലുള്ള പൈപ്പ് ലൈൻ പ്രവൃത്തികൾ മഴ കാരണം നിർത്തിവെച്ചിരിക്കുകയാണ്. |
| (ബി) | പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ; | (ബി) | പ്രസ്തുത പദ്ധതി 30/10/2016-ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയുടെ അവശേഷിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ? | (സി) | രണ്ടാം ഘട്ടമായി മേലാർക്കോട്, അയിലൂർ പഞ്ചായത്തുകൾക്കുള്ള ജലസംഭരണിയും, അതിലേയ്ക്കുള്ള പമ്പിംഗ് മെയിനും ഉൾപ്പെടുത്തി പ്രോജക്ട് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ